പതിനാലാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4912 | 14.11.2019 -ൽ മറുപടിയ്ക്ക്

**കണ്ണമാലി വില്ലേജ് ഓഫീസ് രൂപീകരണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് : | | ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിൽപ്പെട്ട തീരദേശ പഞ്ചായത്തായ ചെല്ലാനത്തെ നിവാസികൾക്ക് വില്ലേജ് സംബന്ധമായ ആവശ്യങ്ങൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ഇതിനു പരിഹാരമായി നിർദ്ദേശിക്കപ്പെട്ട കണ്ണമാലി വില്ലേജ് ഓഫീസ് രൂപീകരണത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) യും (സി) യും | സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തിര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികളിൽ തീരുമാനമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (സി) | എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | ഇതു സംബന്ധിച്ച് എം.എൽ.എ 27.6.2019 ൽ സമർപ്പിച്ച കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ? | (ഡി) | ബഹുമാനപ്പെട്ട എം.എൽ.എ.യുടെ കത്തിന്മേൽ റിപ്പോർട്ട് ലഭ്യമാക്കാൻ എറണാകുളം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ